**May : 25 / 2023**

# KGBEU OU ബുള്ളറ്റിൻ 64/2023

സഖാക്കളെ,

## വിഷയം: OAST ട്രാൻസ്ഫർ

OAST ജീവനക്കാരുടെ ട്രാൻസ്ഫറിൽ രൂക്ഷമായ പ്രശ്നങ്ങൾ ആണ് നാം കാണുന്നത്. ജീവനക്കാരുടെ ഗ്രീവൻസുകൾ ചർച്ച ചെയ്യാനായി എടുത്തപ്പോൾ മറ്റ് കേഡറിൽ നിന്നും വ്യത്യസ്തമായി വലിയ ബുദ്ധിമുട്ട് ജീവനക്കാർക്ക് അനുഭവപ്പെട്ടിട്ടുണ്ട്.

1. വിദൂരങ്ങളിൽ പോസ്റ്റ് ചെയ്യപ്പെട്ട് തിരികെ വരുന്നവർക്ക് ഏറ്റവും അടുത്ത് കിട്ടാൻ എല്ലാ യോഗ്യതയും ഉണ്ടായിട്ടും അങ്ങനെ കിട്ടിയിട്ടില്ല

2. ഒന്നോ രണ്ടോ വർഷം മുന്നേ മലബാർ മേഖലയിൽ നിന്നും തെക്കൻ ജില്ലകളിലെ സ്വന്തം നാട്ടിലേക്ക് term പൂർത്തിയാക്കി വന്നവർ excess എന്ന് പറഞ്ഞ് നിലവിൽ ജോലി ചെയ്യുന്ന തിനേക്കാളും വിദൂരങ്ങളിലേക്ക് പോകേണ്ടി വന്നു

3. ശാരീരിക വൈകല്യങ്ങൾ ഉള്ളവർക്കും ഗുരുതരമായ രോഗം ബാധിച്ച പിഞ്ചു കുട്ടികളായ മക്കൾ ഉള്ളവർക്കും ഉൾപ്പെടെ ട്രാൻസ്ഫറിൽ വലിയ ബുദ്ധിമുട്ട് അനുഭവപ്പെട്ടു

4. Term ആകാത്ത ആളുകളെ അപ്രതീക്ഷിതമായി വിദൂരങ്ങളിലേക്ക് മാറ്റിയത് ഗുരുതരമായ പ്രതിസന്ധിയിലേക്ക് ജീവനക്കാരെ കൊണ്ടെത്തിച്ചു. ഏതെങ്കിലും കാരണവശാൽ ഇങ്ങനെ ഉണ്ടാവുകയാണെങ്കിൽ അവരെ മുൻകൂട്ടി അറിയിച്ച് request/option കൊടുക്കാൻ അവസരം നൽകണമെന്ന് നാം വളരെ നേരത്തെ ആവശ്യപ്പെട്ടിരുന്നെങ്കിലും അതിന് മാനേജ്മെൻറ് തയ്യാറായില്ല

5. വലിയ തിരക്കുള്ള ബ്രാഞ്ചുകളിൽപ്പോലും ഒരു ക്ലർക്ക് മാത്രമായി ചുരുങ്ങിയത് നമ്മുടെ ഗതികേടാണ് ചൂണ്ടിക്കാട്ടുന്നത്. ക്ലർക്കുമാർ ലീവെടുക്കുന്ന സമയം deputation കൊടുക്കാൻ പോലും സമീപ പ്രദേശങ്ങളിൽ ജീവനക്കാരെ ലഭിക്കാത്ത അതീവ ഗുരുതരമായ സ്ഥിതിയും സംജാതമായി

തുടങ്ങിയ വിവിധങ്ങളായ പ്രശ്നങ്ങളാണ് ജീവനക്കാർ അഭിമുഖീകരിക്കുന്നത്.

അഡ്മിൻ ഓഫീസുകളിൽ നിന്നും clerical cadre തുടച്ചു നീക്കാനുള്ള ശ്രമവും നടത്തി

യെങ്കിലും അത് തിരികെ കൊണ്ട് വരും എന്ന ഉറപ്പാണ് മാനേജ്മെന്റിൽ നിന്നും നമുക്ക് ലഭിച്ചിട്ടുള്ളത്.

ഇത്തരം പ്രശ്നങ്ങളെല്ലാം നാം മാനേജ്മെന്റിനെ കൃത്യമായ രീതിയിൽ ബോധ്യപ്പെടുത്തുകയുമുണ്ടായി. ഇത്തരം പ്രശ്നങ്ങൾ ഉണ്ടെന്ന് സമ്മതിക്കുന്ന മാനേജ്മെൻറ് തന്നെ സ്റ്റാഫ് ഷോർട്ടേജ് ഇത്രയും രൂക്ഷമായിരിക്കുമ്പോൾ എങ്ങനെ പരിഹാരം കാണാനാകും എന്ന് അറിയാതെ കുഴയുകയാണ്. ഈ അവസ്ഥ തനിയെ ഉണ്ടായതല്ലെന്നും, കൃത്യസമയങ്ങളിൽ റിക്രൂട്ട്മെന്റ് നടത്താത്ത മാനേജ്മെന്റിന്റെ കുറ്റകരമായ അനാസ്ഥ കാരണം സംഭവിച്ചതാണെന്നും നാം പറഞ്ഞു. അത് പരിഹരിക്കാതെ നമുക്ക് മുന്നോട്ട് പോകാനുമാവില്ല. ഇതിന് മറുപടി പറയാൻ മാനേജ്മെന്റിന് മാത്രമാണ് ബാധ്യത.

ഈ വിഷയങ്ങളെല്ലാം ചൂണ്ടിക്കാട്ടിക്കൊണ്ട് സംഘടനയുടെ ശ്രദ്ധയിൽപ്പെടുത്തിയ മുഴുവൻ ഗ്രീവൻസുകളും അപാകതകളും മാനേജ്മെന്റുമായി ചർച്ച ചെയ്തു. മുഴുവൻ പ്രശ്നങ്ങളിലും പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)